# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3553

17.12.2015 -ൽ

മറുപടി നൽകേണ്ടിയിരുന്നത്

### പി.എസ്.സി. സെക്രട്ടറി പദത്തിൽ നിന്നും ശ്രീ. സാജു ജോർജിനെ പുറത്താക്കാൻ നീക്കം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പി.എസ്.സി. സെക്രട്ടറി പദത്തിലെത്തിയ പട്ടിക വർഗ്ഗക്കാരനായ ശ്രീ. സാജു ജോർജിനെ പ്രസ്തുത സ്ഥാനത്തുനിന്ന് പുറത്താക്കുന്നതിന് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഇല്ല. |
| (ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറി പദത്തിലേക്ക് പി.എസ്.സി. നിർദ്ദേശിച്ചതു മുതൽ ഇതുവരെയുള്ള നടപടി ക്രമങ്ങൾ തീയതി ക്രമത്തിൽ വ്യക്തമാക്കുമോ ; | (ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 02/12/2014 ന് അന്നത്തെ പി.എസ്.സി സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ടി പ്രൊപ്പോസലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 04/12/2014 ൽ പി.എസ്.സി സെക്രട്ടറിയ്ക്ക് കത്തയക്കുകയും തുടർന്ന് 07/01/2015 ൽ അധിക വിവരങ്ങൾ സെക്രട്ടറി ലഭ്യമാക്കുകയും ചെയ്തു. 28/01/2015 ലെ മന്ത്രിസഭാ യോഗം ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി സെക്രട്ടറിയായി നിയമിക്കുന്നത് അംഗീകരിക്കുകയും അക്കാര്യം ബഹു. ഗവർണ്ണറെ അറിയിക്കുകയും ചെയ്തു. തുടർന്ന് ബഹു.ഗവർണ്ണർ അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീ. സാജു ജോർജ് 1995 ൽ അപേക്ഷ സമർപ്പിച്ച സമയത്ത് ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നോ എന്നതുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇത് സംബന്ധിച്ച വിവരങ്ങൾ സഹിതം ഗവർണ്ണർക്ക് ഫയൽ 19/03/2015 ൽ സമർപ്പിക്കുകയും ചെയ്തു. 1996 ലെ ആക്ട് II പ്രകാരമുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള മന്ത്രി സഭാ യോഗ തീരുമാനം 08.04.2015 ൽ |

| | | | |
|---|---|---|---|
| | | | ബഹു. ഗവർണ്ണർ അംഗീകരിക്കുകയും 13/04/2015 ലെ G.O(Ms)No. 109/15/GAD ഉത്തരവ് പ്രകാരം ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. സ്ക്രൂട്ടിനി കമ്മിറ്റിയുടെ 28/03/2015 ലെ പ്രൊസീഡിങ്സിന്റെ അടിസ്ഥാനത്തിൽ മേൽ സർക്കാർ ഉത്തരവ് G.O(Ms)No. 293/15/GAD തീയതി 19/11/2015 പ്രകാരം പുതുക്കി ഉത്തരവായിട്ടുണ്ട്. |
| (സി) | സ്പെഷ്യൽ റിക്രൂട്ടുമെന്റിലൂടെ സർവീസിലെത്തി 18 വർഷം സേവനം പൂർത്തീകരിച്ച് പി.എസ്.സി. സെക്രട്ടറി ആകാൻ യോഗ്യനെന്ന് കണ്ടെത്തിയതിന് ശേഷം ശ്രീ. സാജു ജോർജിനെതിരെ വ്യാജ പരാതി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സർവീസ് കാര്യങ്ങൾ ശത്രുതാ മനോഭാവത്തോടെയാണ് പി.എസ്.സി കൈകാര്യം ചെയ്യുന്നത് എന്നത് ഗൗരവമായി കാണുമോ ; ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ; | | |
| (ഇ) | ശ്രീ. സാജു ജോർജിന്റെ റിക്രൂട്ട്മെന്റ് ഫയൽ മുക്കിയത് സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെട്ട പോലീസ് വിജിലൻസ് എൻക്വയറി നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ ഫിംഗർ പ്രിന്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ ; | (ഇ) | ശ്രീ. സാജു ജോർജിന്റെ റിക്രൂട്ട്മെന്റ് ഫയൽ പി.എസ്.സിയിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (എഫ്) | ശ്രീ. സാജു ജോർജിനെപ്പോലെ പ്രാഗത്ഭ്യം തെളിയിച്ച ഒരു ഉദ്യോഗസ്ഥനെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ; | (എഫ്) | ഈ വിഷയം സംബന്ധിച്ച് പരാതിയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ജി) | പി.എസ്.സി യിലെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ് ആയ സാജു ജോർജിനെ മറികടന്ന് എത്ര ഫയലുകൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അത്തരം ഫയലുകൾക്ക് നിയമ സാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ പെരുമാറിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം വ്യക്തമാക്കുമോ? | (ജി) | പി.എസ്.സി സെക്രട്ടറിയെ മറികടന്ന് തീർപ്പുകൽപ്പിച്ച ഫയലുകളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന് കെ.പി.എസ്.സി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ